(ബി) ഭൂരിപക്ഷം ജനങ്ങളുടെ സൌകര്യാർത്ഥം പ്രസ്തുത വില്ലേജുകോട്ട് മേത്തല വില്ലേജിൽനിന്നും എറിയാട് വില്ലേജിലേക്ക മാറ്റി സ്ഥാപിക്കുവാൻ ഗവണ്മെണ്ടിനു നിവേദനം കിട്ടിയിട്ടുണ്ടോ;

(സി) എപ്പോൾ അതു മാറ്റി സ്ഥാപിക്കുമെന്ന് പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) എടവിലങ്ങ്, പല്ലൻ, ലോകമാലേശ്വരം, മേത്തല, അഴീക്കോട്, എറിയാട്, എന്നീ വില്ലേജുകളും ഉൾപ്പെടുന്നു.

(ബി) ഉണ്ട്.

(സി) തീർച്ചപറയാൻ നിവൃത്തിയില്ല.

ഒരു മെമ്മോറാണ്ടം

*ന ൦ ൦ (ശ്രീ ഫ). സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂർ എറിയാട് മുഹമ്മദ് അബ്ദുറഹിമാൻ മൈതാനത്തിലെ പൗരമഹായോഗത്തിൽ വച്ച് ബഹുമാനപ്പെട്ട ചീഫ് മന്ത്രിക്ക് നാട്ടുകാർ ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായോ;

(ബി) അതിലെ നിവേദനങ്ങളിൽ ഏതൊക്കെ ഗവണ്മെണ്ട് അംഗീകരിച്ച് നടപ്പിൽ വരുത്തിയെന്നു പറയാമോ;

(സി) ഏതൊക്കെ അംഗീകരിച്ചില്ല?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ടായി.

(ബി, സി) അതിൽ ചേർത്തിട്ടുള്ള ചില സംഗതികളെപ്പറ്റി അന്വേഷണങ്ങൾ പൂർത്തിയായിട്ടില്ല.

BACKWARD COMMUNITY

*601. [52] **Sri. K. Ramakrishna Achari:** Will the Hon'ble Minister for Industries be pleased to answer the following questions:—

(*a*) do Government intend to give any aid to the Backward Community in the Thovala Taluk; and

(*b*) do Government propose to grant any land on kuthagapattom or by registry to the members of the backward community for cultivation in the Thovala Taluk?

Minister for Industries, Excise and Local-Self Government **(Sri. N. Kunjuraman):**

(*a*) The backward communities in Thovala Taluk are given all the amenities as are given to them in the other parts of the State.

(*b*) The question of grant of land will be considered when applications are received and will be decided on the merits of individual cases.

ആക്കിയോളജി ഹെഡ്ആഫീസ്

*ന ൧൨. (ശ്രീ ര) ശ്രീമതി ദേവകി ഗോപിദാസ്സ്: (എ) സംയോജനത്തിനു ശേഷം മിക്ക ഡിപ്പാർട്ട്മെണ്ടുകളുടേയും ഹെഡാപ്പീസ്സ് തിരുവനന്തപുരത്തേക്ക് മാറ്റിയിട്ടും ആക്കിയോളജി വകുപ്പിന്റെ ഹെഡ് ക്വാർട്ടേഴ്സ് തൃശ്ശൂർ തന്നെ ഇട്ടിരിക്കുന്നതിന്റെ കാരണമെന്താണ്;

(ബി) അങ്ങിനെ ടി ആഫീസ് തിരുവനന്തപുരത്തേക്ക് മാറ്റാത്തതിനാൽ ടി. എ. ഇനത്തിൽ എന്തു് കൂടുതൽ ചിലവു് ഇതുവരെ ഉണ്ടായി?

LIBRARY ARCHIVES Kerala Legislative Assembly